⇨ സമരങ്ങളെ തുടർന്ന് റിസോർട്ടിന്റെ പ്രവർത്തനങ്ങൾ പിന്നീട് നിർത്തലാക്കുകയുണ്ടായി ⇨

# ആദിവാസി കുടിയിറക്കലായി മാറുന്ന സ്വയംസന്നദ്ധ പുനരധിവാസ പദ്ധതി

2006ൽ നിവലിൽ വന്ന വനാവകാശ നിയമം ലംഘിച്ചുകൊണ്ട് വയനാട് വന്യജീവിസങ്കേതത്തിൽ പുരോഗമിക്കുന്ന സ്വയംസന്നദ്ധ പുനരധിവാസ പദ്ധതിയുടെ സാമൂഹികവും രാഷ്ട്രീയവുമായ പ്രശ്നങ്ങൾ വിശകലനം ചെയ്യുന്നു.

■ **ദിവ്യ കളത്തിങ്കൽ**

**ആദിവാസി** മേഖലകളിലെ ഗ്രാമസഭകളിൽ പങ്കെടുക്കാം എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് കഴിഞ്ഞ ഏപ്രിൽ മാസത്തിൽ നായ്ക്കൊടി, പിലാക്കാവ് ആദിവാസി ഊരുകൂട്ടത്തിൽ ഞാൻ പങ്കെടുക്കുന്നത്. മണിമുണ്ട, പിലാക്കാവ്, പാമ്പൻകൊല്ലി എന്നീ സ്ഥലങ്ങളിൽ നിന്നുള്ളവരാണ് ആ ഊരുകൂട്ടത്തിൽ പങ്കെടുക്കാറുള്ളത്. നിലനിൽക്കുന്ന പഞ്ചായത്ത് ഗ്രാമസഭകളെ കുറച്ചുകൂടി ജനാധിപത്യവത്കരിക്കുന്നതിന്റെ ഭാഗമായി 2003 മുതൽ ഇവിടെ ഗ്രാമസഭകൾക്ക് മുന്നോടിയായി ആദിവാസി ഊരുകൂട്ടങ്ങൾ സംഘടിപ്പിക്കുന്ന പതിവുണ്ട്. ഈ ഊരുകൂട്ടത്തിൽ മണിമുണ്ട ഭാഗത്തുനിന്നുള്ള ആദിവാസികൾ പ്രധാനമായും ഉന്നയിച്ചത് അവരുടെ ഊരിലെ വൈദ്യുതി പ്രശ്നത്തെക്കുറിച്ചായിരുന്നു. 'സ്വയംസന്നദ്ധ പുനരധിവാസ പദ്ധതി' യുടെ ഒന്നാംഘട്ടത്തിൽ വരുന്ന ഭാഗമായതിനാൽ വനംവകുപ്പ് അവരുടെ മേഖലയിലേക്കുള്ള വൈദ്യുതി തടഞ്ഞുവച്ചിരിക്കുകയാണ്. ഇതിനുശേഷം കർണ്ണാടകയിലെ നാഗർഹൊള കടുവാസങ്കേതത്തിലേക്ക് ഞങ്ങൾ നടത്തിയ യാത്രയിലാണ് കടുവാ സങ്കേതത്തിന്റെ ഒത്തനടുക്ക് ടാജ് റിസോർട്ട് കാണാനിടയായത്. ആദിവാസി സമരങ്ങളെ തുടർന്ന് റിസോർട്ടിന്റെ പ്രവർത്തനങ്ങൾ പിന്നീട് നിർത്തലാക്കുകയുണ്ടായി. സമീപപ്രദേശങ്ങളിൽ നിന്നും ആദിവാസികളെ ഒഴിപ്പിച്ച് പൂർണ്ണമായും ടൂറിസത്തിലേക്ക് ആ പ്രദേശത്തെ വഴിമാറ്റുന്ന തന്ത്രമായാണ് ഇവിടെ 'മാറ്റിപ്പാർപ്പിക്കൽ പദ്ധതി' പ്രവർത്തിച്ചത്. ഈ യാത്രയ്ക്ക് ശേഷമാണ് വയനാട് വന്യജീവി സങ്കേതത്തിൽ നടക്കുന്ന മാറ്റിപ്പാർപ്പിക്കൽ പദ്ധതിയെക്കുറിച്ച് പരിശോധിക്കണമെന്ന തോന്നൽ എന്നിൽ ശക്തമായത്.

### വന്യജീവിസങ്കേതവും ആദിവാസികളും

1973ൽ നിലവിൽ വന്ന വയനാട് വന്യജീവി സങ്കേതം മുത്തങ്ങ, കുറിച്യാട്, തോൽപ്പെട്ടി, സുൽത്താൻ ബത്തേരി എന്നീ റേഞ്ചുകളിൽ വ്യാപിച്ചുകിടക്കുന്നു. മൂന്ന് സംരക്ഷിത പ്രദേശങ്ങളുടെ തുടർച്ചയായി നിലകൊള്ളുന്ന മേഖലയാണ് വനാട് വന്യജീവിസങ്കേതം. വടക്ക് കിഴക്ക് ഭാഗത്ത് നാഗർഹൊള, ബന്ദിപ്പൂർ മുതലായവയും കിഴക്ക് പടിഞ്ഞാറ് ഭാഗത്ത് മുതുമലയും സ്ഥിതിചെയ്യുന്നു. മൊത്തം വിസ്തൃതിയുടെ 101.437 ചതുരശ്ര കിലോമീറ്റർ പ്ലാന്റേഷനും 242.954 ചതുരശ്ര കിലോമീറ്റർ

സ്വാഭാവിക വന പ്രദേശവുമാണ് (First Management plan of Wayanad Wildlife Sanctuary, 1990-2000). വന്യജീവി സങ്കേതത്തിന്റെ സിംഹഭാഗവും സ്ഥിതിചെയ്യുന്നത് കേരളത്തിലെ രണ്ടാമത്തെ ആദിവാസി ജനസംഖ്യ കൂടിയ പഞ്ചായത്തായ നൂൽപ്പുഴയിലാണ്. വയനാട്ടിലെ പ്രധാന ആദിവാസി വിഭാഗങ്ങളായ പണിയ, അടിയ, കാട്ടുനായ്ക, ഊരാളി, കുറുമർ (കുറിച്യർ ഒഴിച്ച്) എല്ലാം വന്യജീവി സങ്കേതത്തിനകത്തോ, അതിന്റെ ഓരത്തോ ജീവിച്ചുപോരുന്നു. കടുവാസങ്കേതത്തിൽ നടത്തുന്ന മാറ്റിപ്പാർപ്പിക്കൽ പദ്ധതിയേക്കാൾ വേഗത്തിൽ ഒരു വന്യജീവിസങ്കേതത്തിൽ ഈ പരിപാടി നടക്കുന്നു എന്നത് ഒരുപക്ഷേ അതിശയമായി തോന്നിയേക്കാം. വന്യജീവി സങ്കേതത്തിൽ നിലനിൽക്കുന്ന വന്യജീവി ആക്രമണങ്ങളും, അതിന് കൊടുക്കേണ്ടിവരുന്ന വലിയ നഷ്ടപരിഹാരങ്ങളും ഒക്കെത്തന്നെ മാറ്റിപ്പാർപ്പിക്കൽ എന്ന ആശയത്തിന് ഒറ്റനോട്ടത്തിൽ ഒരു കാരണമായി തോന്നിയേക്കാം. എന്നാൽ വനംവകുപ്പിന്റെ തന്നെ പഴയ രേഖകൾ പരിശോധിക്കുമ്പോൾ ഇതൊരു പുതിയ പദ്ധതിയല്ല എന്ന് മനസ്സിലാക്കാൻ സാധിക്കും. വയനാട് വന്യജീവിസങ്കേതത്തിന്റെ ആദ്യ മാനേജ്മെന്റ് പ്ലാൻ തന്നെ വന്യജീവിസങ്കേതത്തിൽ നിന്നുള്ള പുനരധിവാസ പദ്ധതിയെക്കുറിച്ച് വിശദമായി ചർച്ച ചെയ്യുന്നുണ്ട്. ഇതുപ്രകാരം പുനരധിവാസത്തിനുള്ള മൊത്തം തുകയായി 1220.55 ലക്ഷം രൂപ കണക്കാക്കപ്പെട്ടിട്ടുമുണ്ട്. ദേശീയ കടുവാ സംരക്ഷണ അതോറിറ്റിയുടെ 2008ൽ പുറത്തിറങ്ങിയ നിർദ്ദേശങ്ങളിൽ പറയുന്നതനുസരിച്ച് (Format for preparation of village relocation plan from core/ critical Tiger Habitats- Feb 2008, NTCA) പ്രധാനമുള്ളതും/ അതിപ്രധാനമുള്ളതും (Core/ Critical) ആയ കടുവാ ആവാസവ്യവസ്ഥകളിൽ നിന്നും ആദിവാസികളെ മാറ്റിപ്പാർപ്പിക്കുന്നതിനായി 2010ൽ കേരള വന ഗവേഷണകേന്ദ്രം (കെ.എഫ്.ആർ.ഐ) വയനാട് വന്യജീവി സങ്കേതത്തിൽ ഒരു പഠനം നടത്തുകയും മാറ്റിപ്പാർപ്പിക്കൽ പദ്ധതി രൂപീകരിക്കുകയും ചെയ്തിരുന്നു. കെ.എഫ്.ആർ.ഐ പഠനപ്രകാരം 110 ഊരുകളിലായി 2613 വീടുകൾ മാറ്റിപ്പാർപ്പിക്കേണ്ടതുണ്ട്. ഇതിലെ മൊത്തം ജനസംഖ്യ 10,604. അതിൽ 51 ശതമാനം (1335) കുടുംബങ്ങൾ മാറ്റിപ്പാർപ്പിക്കലിന് സന്നദ്ധമാണെന്ന് പഠനം പറയുന്നു. ഇതിലൂടെ 1700.97 ഏക്കർ സ്ഥലം വന്യജീവി സങ്കേതത്തിലേക്ക് കൂട്ടിച്ചേർക്കപ്പെടും (കെ.എഫ്.ആർ.ഐ. 2010 – Table 1 മാറ്റിപ്പാർപ്പിക്കലിന്റെ സ്ഥിതിവിവരം).

ആദ്യഘട്ട മാറ്റിപ്പാർപ്പിക്കലിനായി കണക്കാക്കിയിട്ടുള്ള 14 ഊരുകളിൽ ഒമ്പത് സ്ഥലത്ത് വനംവകുപ്പ് പ്രാരംഭനടപടികൾ ആരംഭിക്കുകയും, അതിൽ നാല് സ്ഥലങ്ങളിൽ(ഗോളൂർ, അമ്മവയൽ, കൊട്ടങ്കര, അരുകുഞ്ചി) മാറ്റിപ്പാർപ്പിക്കൽ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ആദ്യഘട്ടത്തിലെ ബാക്കി അഞ്ച് സ്ഥലങ്ങളിലും മാറ്റിപ്പാർപ്പിക്കൽ പുരോഗമിച്ചുവരുന്നു. മാറ്റിപ്പാർപ്പിക്കലിനുവേണ്ടി അനുമതി ലഭിച്ചിട്ടുള്ള 27.9 കോടി രൂപയിൽ (ഇതിൽ 7.4 കോടി രൂപ പട്ടികവർഗ്ഗ വകുപ്പ് നൽകി), 21.68 കോടി രൂപ നാല് ഊരുകളുടെ മൊത്തത്തിലുള്ള മാറ്റിപ്പാർപ്പിക്കലിന് വേണ്ടിയും (ഗോളൂർ, അമ്മവയൽ, കൊട്ടങ്കര, അരകുഞ്ചി), അഞ്ച് ഊരുകളുടെ ഭാഗികമായ കുടിയൊഴിപ്പിക്കലിനും ഉപയോഗപ്പെടുത്തി.

### വനാവകാശ നിയമത്തിന്റെ ലംഘനം

ആദിവാസികൾ നേരിട്ടുകൊണ്ടിരിക്കുന്ന ചരിത്രപരമായ അനീതികൾ പരിഹരിക്കുന്നതിനുവേണ്ടി 2006ൽ നിവലിൽ വന്ന വനാവകാശ നിയമത്തിന്റെ അട്ടിമറിയാണ് ഈ സ്വയംസന്നദ്ധ പുനരധിവാസ പദ്ധതിയിലുടനീളം കാണാൻ കഴിയുന്നത്. ഒന്നാംഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള 14 ഊരുകളിൽ നാലെണ്ണം പൂർണ്ണമായും ഒഴിപ്പിച്ചുകഴിഞ്ഞു. ഈ നാല് ഊരുകളുടെയും വ്യക്തിഗത അവകാശം വനാവകാശ നിയമ പ്രകാരം അംഗീകരിക്കപ്പെട്ടിട്ടുണ്ട്. അതേസമയം സാമൂഹിക വനാവകാശം അംഗീകരിക്കുന്നതിനുള്ള യാതൊരുവിധ പ്രവർത്തനങ്ങളും ഇവിടെ നടന്നിട്ടുമില്ല. കേരളത്തിലെ അഞ്ച് പ്രാക്തന ആദിവാസി വിഭാഗങ്ങളിൽ പെടുന്ന കാട്ടുനായ്ക്കരുടെ ഹാബിറ്റാറ്റ് റൈറ്റ്സ് – അഥവാ ആവാസ വ്യവസ്ഥയ്ക്കുമേലുള്ള അവകാശങ്ങൾപോലും അംഗീകരിക്കപ്പെട്ടിട്ടില്ല. എന്നാൽ എല്ലാ തരത്തിലുള്ള അവകാശങ്ങളും അംഗീകരിച്ചിട്ടുണ്ട് എന്നതാണ് വനംവകുപ്പിന്റെ വാദം. അംഗീകരിച്ചു എന്നു പറയുന്ന വ്യക്തിഗത അവകാശങ്ങൾതന്നെ (ചെട്യാലത്തൂർ ഊരിൽ) അപൂർണ്ണവും അവ്യക്തവുമാണ്. പല രേഖകളിലും അവകാശമായി നൽകിയ സ്ഥലത്തിന്റെ ഭൂപടം രേഖപ്പെടുത്തിയിട്ടില്ല. മറ്റൊരു സ്ഥലത്തിലേക്ക് മാറ്റിപ്പാർപ്പിക്കുന്നതോടെ ഇപ്പോൾ അംഗീകരിച്ചിട്ടുള്ള അവകാശങ്ങൾ റദ്ദുചെയ്യപ്പെടുകയും ചെയ്യും. മാറ്റിപ്പാർപ്പിക്കപ്പെട്ട സ്ഥലങ്ങളായ കൊട്ടങ്കര, പള്ളിവേൽ എന്നിവിടങ്ങളിലെയും, മാറ്റി



പ്പാർപ്പിക്കൽ ശ്രമങ്ങൾ നടക്കുന്ന മണിമുണ്ട, ചെട്ട്യാലത്തൂർ എന്നിവിടങ്ങളിലെയും ആളുകളോട് സംസാരിക്കുമ്പോൾ അവർക്ക് വനാവകാശനിയമവുമായി ബന്ധപ്പെട്ട വിഷയങ്ങൾ പരിചയമില്ല എന്നാണ് മനസ്സിലായത്. പഴയ കൈവശരേഖയും വനാവകാശരേഖയും തമ്മിലുള്ള വ്യത്യാസം തന്നെ പലർക്കും തിരിച്ചറിയാൻ സാധിച്ചിട്ടില്ല. കാട്ടുനായ്ക്കർ ഉൾപ്പെടെ വനത്തിൽ ജീവിക്കുന്നവർക്കും ഇക്കാര്യത്തിൽ അറിവില്ലായ്മയുണ്ട്. മാറ്റിപ്പാർപ്പിക്കലുമായി ബന്ധപ്പെട്ട് വനംവകുപ്പ് നടത്തുന്നത് ഭാഗികമായ വിവരകൈമാറ്റമാണെന്നാണ് (misinformation) ഇതിൽ നിന്നും മനസ്സിലാക്കേണ്ടത്. അതേസമയം പത്തു ലക്ഷം രൂപയുടെ പാക്കേജ് അവരുടെ ജീവിതത്തിൽ കാര്യമായ മാറ്റം വരുത്താൻ സാധ്യത ഇല്ലാത്ത തുകയാണെന്ന കാര്യം അവർ തിരിച്ചറിയുന്നുമുണ്ട്.

“വനാവകാശവുമായി ബന്ധപ്പെട്ട ഒരു മീറ്റിംഗ് വനംവകുപ്പ് വിളിച്ചുചേർത്ത് വനാവകാശ കമ്മിറ്റി (FRC) രൂപീകരിച്ചു. അതിനെത്തുടർന്ന് മീറ്റിംഗുകൾ നടന്നിട്ടില്ല. ആ കമ്മിറ്റി രൂപീകരണ മീറ്റിംഗിൽ ഞങ്ങൾക്ക് ഭൂപടം നൽകുകയും, അതിൽ ഞങ്ങൾ വനവിഭവശേഖരണത്തിന് (NTFP) ആശ്രയിക്കുന്ന സ്ഥലങ്ങൾ അടയാളപ്പെടുത്തുന്നതിന് ആവശ്യപ്പെടുകയും ചെയ്തു. അതിനുശേഷം എം.എൽ.എയുടെ നേതൃത്വത്തിൽ മാറ്റിപ്പാർപ്പിക്കലും നടന്നു. നഷ്ടപരിഹാരവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യുന്നതിന് മീറ്റിംഗ് കൂടി. ഇതുമാത്രമാണ് ഇവിടെ നടന്നത്.’’ മണിമുണ്ടയിലെ കാട്ടുനായ്ക്ക കാരണവർ പറയുന്നു.

പള്ളിവേലിലേക്ക് മാറ്റിപ്പാർപ്പിച്ചവർക്കും ഇത്തരത്തിൽ ഒരു ഗ്രാമസഭ വിളിച്ചുകൂട്ടിയതിനെക്കുറിച്ചോ, വനാവകാശം ചർച്ച ചെയ്തതിനെക്കുറിച്ചോ അറിവില്ല. അപൂർണ്ണമായ വിവരങ്ങൾക്കും, ബോധ്യപ്പെടുത്തലുകൾക്കും നടുവിലാണ് മാറ്റിപ്പാർപ്പിക്കൽ നടക്കുന്നത് (misinformed conscent) എന്ന് വ്യക്തം. സാമൂഹിക വനാവകാശം, വികസനാധികാരം, ഗ്രാമസഭയുടെ അനുമതി തുടങ്ങിയ കാര്യങ്ങൾ പൂർണ്ണമായും കാറ്റിൽ പറത്തിയിരിക്കുന്നു. ‘free informed consent’ എന്ന് നിയമത്തിൽ പറയുന്ന കാര്യവും ലംഘിക്കപ്പെടുന്നു. വനംവകുപ്പിന്റെ ഏറ്റവും പുതിയ കണക്കുപ്രകാരം വന്യജീവി സങ്കേതത്തിലെ 1433 കുടുംബങ്ങളുടെ വ്യക്തിഗത അവകാശം അംഗീകരിക്കപ്പെട്ടിട്ടുണ്ട് (297.06107 ഹെക്ടർ).

ദേശീയ കടുവ സംരക്ഷണ അതോറിറ്റിയുടെ ഗൈഡ്‌ലൈൻസ് പ്രകാരം മാറ്റിപ്പാർപ്പിക്കൽ നടക്കേണ്ടത് വന്യജീവി സംരക്ഷണ നിയമത്തിനും വനാവകാശ നിയമത്തിനും അനുസൃതമായി ആകണം. വനാവകാശ നിയമം സെക്ഷൻ 4(1) പ്രകാരം അവകാശങ്ങൾ അംഗീകരിക്കേണ്ടതിനെക്കുറിച്ച് ഈ മാർഗ്ഗനിർദ്ദേശത്തിൽ പ്രതിപാദിക്കുന്നുണ്ട്. വനാവകാശ നിയമപ്രകാരമുള്ള ക്രിട്ടിക്കൽ വൈൽഡ്‌ലൈഫ് ഹാബിറ്റാറ്റിന്റെ (അതിപ്രധാനമായ വന്യജീവി ആവാസവ്യവസ്ഥ) പ്രഖ്യാപനവുമായി ബന്ധപ്പെട്ട ഗൈഡ്‌ലൈൻസ് ഇറക്കാൻ പോലും സാധിച്ചിട്ടില്ലാത്ത പശ്ചാത്തലത്തിലാണ് കടുവാസങ്കേതമല്ലാത്ത വയനാട് വന്യജീവി സങ്കേ

തത്തിൽ നിന്നും മാറ്റിപ്പാർപ്പിക്കൽ നടക്കുന്നത്. വനാവകാശ നിയമം സെക്ഷൻ 4(2) പ്രകാരമാണ് ക്രിട്ടിക്കൽ വൈൽഡ്ലൈഫ് ഹാബിറ്റാറ്റ് (സി.ഡബ്ള്യു.എച്ച്) എന്ന പേരിൽ പുതിയ സംരക്ഷിത പ്രദേശം എന്ന ആശയം വരുന്നത്. ദേശീയോദ്യാനങ്ങളിലോ, വന്യജീവിസങ്കേതങ്ങളിലോ വന്യജീവി സംരക്ഷണത്തിനുവേണ്ടി ഉണ്ടാകേണ്ടുന്ന പ്രത്യേക സംരക്ഷണ പ്രദേശങ്ങളാണിവ. ഇത്തരം സ്ഥലങ്ങൾ പ്രഖ്യാപിക്കേണ്ടുന്ന നടപടിക്രമങ്ങളും, ആളുകളെ മാറ്റിപ്പാർപ്പിക്കേണ്ടതിന് സ്വീകരിക്കേണ്ട മാനദണ്ഡങ്ങളും നിയമത്തിൽ വ്യക്തമായി പറയുന്നുണ്ട്. പക്ഷെ, സി.ഡബ്ള്യു.എച്ചിൽ നിന്നും ആളുകളെ മാറ്റിപ്പാർപ്പിക്കുന്നതിനു പലവിധ വാദങ്ങളും നിലനിൽക്കുന്നതിനാൽ, കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് സി.ഡബ്ള്യു.എച്ചിന്റെ ഗൈഡ്ലൈൻസ് ഇതുവരെ പുറത്തിറക്കാൻ സാധിച്ചിട്ടില്ല. അങ്ങനെ നോക്കുമ്പോൾ വനാവകാശ നിയമപ്രകാരമുള്ള ക്രിട്ടിക്കൽ വൈൽഡ് ലൈഫ് ഹാബിറ്റാറ്റിന്റെയോ, ടൈഗർ റിസർവ് അല്ലാത്തതിനാൽ ക്രിട്ടിക്കൽ ടൈഗർ ഹാബിറ്റാറ്റിന്റെയോ പരിധിയിൽ വരാത്ത സ്ഥലമാണ് വയനാട് വന്യജീവി സങ്കേതം. വനാവകാശ നിയമത്തിന്റെ രൂപീകരണം മുതൽ തന്നെ അതിൽ വെള്ളം ചേർക്കാനും ലംഘിക്കാനും പലരീതിയിൽ പരിസ്ഥിതി മന്ത്രാലയം ശ്രമം നടത്തിയിട്ടുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് 2006ൽ തന്നെ നടന്ന വന്യജീവി സംരക്ഷണ നിയമത്തിന്റെ ഭേദഗതിയും നാഷണൽ ടൈഗർ കൺസർവേഷൻ അതോറിറ്റിയുടെ രൂപീകരണവുമാണ്. ഇത് പ്രകാരമാണ് ഇന്ത്യയിൽ ക്രിട്ടിക്കൽ ടൈഗർ ഹാബിറ്റാറ്റിന്റെ (സി.ടി.എച്ച്) പ്രഖ്യാപനങ്ങൾ നടക്കുന്നത്. വനാവകാശ നിയമത്തിന്റെ ചട്ടം നിലവിൽ വരുന്നതിന് മുമ്പുതന്നെ (ജനുവരി 1, 2008) കടുവാസങ്കേതങ്ങളിലെ 30,460 ചതുരശ്ര കിലോമീറ്റർ ഏരിയ സി.ടി.എച്ചായി പ്രഖ്യാപിച്ചുകഴിഞ്ഞിരുന്നു. ഇതുമായി ബന്ധപ്പെട്ട് സി.ആർ. ബിജോയ് 2011 ൽ നടത്തിയ ചില നിരീക്ഷണങ്ങൾ സത്യമാകുന്ന രീതിയിലാണ് ഇപ്പോഴത്തെ സാഹചര്യം. ധൃതിപിടിച്ച് സി.ടി.എച്ച് പ്രഖ്യാപിക്കാനുള്ള അവസ്ഥ എന്തുകൊണ്ടായിരിക്കാം എന്ന ചോദ്യത്തിന് ഉത്തരമായി അദ്ദേഹം ഉന്നയിക്കുന്ന സംശയങ്ങൾ ഇവയൊക്കെയാണ്: 1, സി.ടി.എച്ച് പ്രഖ്യാപനത്തിലൂടെ ആദിവാസി വനാവകാശനിയമം അട്ടിമറിക്കപ്പെടാനുള്ള സാധ്യത മുന്നിൽ കണ്ടുകൊണ്ടാണോ ചട്ടം നിലവിൽ വരുന്നതിനുമുമ്പുള്ള സി.ടി.എച്ച് പ്രഖ്യാപനങ്ങൾ? 2, അല്ലെങ്കിൽ, സി.ടി.എച്ചിലൂടെ 'ഇൻവയലേറ്റ് ഏരിയ' ഉണ്ടാക്കിയെടുക്കുകയും അതിലൂടെ വനാവകാശ നിയമപ്രകാരമുള്ള സി.ഡബ്ള്യു.എച്ച് പാലിക്കാതിരിക്കാനും ഉള്ള കാരണമാകാം. സി.ഡബ്ള്യു.എച്ച് പ്രകാരം, സംരക്ഷണ ആവശ്യങ്ങൾക്കുവേണ്ടി ഇൻവയലേറ്റ് ആക്കിയാൽ മറ്റു ആവശ്യങ്ങൾക്കുവേണ്ടി വനഭൂമി മാറ്റാൻ സാധ്യമല്ല (സംസ്ഥാന/കേന്ദ്രസർക്കാരുകൾക്ക്). ഈ ആവശ്യം ആദിവാസി സമരങ്ങൾ സ്ഥിരമായി മുന്നോട്ടുവയ്ക്കുന്നതാണ്. അതേസമയം സി.ടി.എച്ചിൽ മറ്റാവശ്യങ്ങൾക്കായുള്ള ഇത്തരം വനഭൂമിയുടെ പരിവർത്തനം നിയന്ത്രിക്കുന്നില്ല. മൂന്നു വർഷംകൊണ്ട് ക്രമാതീതമായി സി.ടി.എച്ചിന്റെ എണ്ണം വർദ്ധിച്ചതും 28ൽ നിന്നും 39 ആയി ടൈഗർ റിസർവിന്റെ എണ്ണം കൂടിയതുമെല്ലാം അദ്ദേഹം ഈ സംശയത്തിന്റെ ഭാഗമായി ചൂണ്ടിക്കാണിക്കുന്നു. ഇത്തരം വീക്ഷണങ്ങൾ ശരിവക്കുന്നതുതന്നെയാണ്, എൻ.ടി.സി.എയുടെ ഭാഗത്തുനിന്നും വന്നിട്ടുള്ള പുതിയ നിർദ്ദേശങ്ങൾ (കടുവാസങ്കേതത്തിൽ ഉള്ള വനാവകാശം വിലക്കുന്നതും -23.8.17 ലെ കത്ത്, സി.ടി.എച്ചിൽ നിന്നും എല്ലാ അവകാശങ്ങളും പിൻവിലക്കുന്നതും – 4.7.17 ലെ കത്ത്).

വയനാട് വന്യജീവി സങ്കേതത്തിലെ സാമൂഹിക വനാവകാശം പരിശോധിക്കുമ്പോൾ മനസ്സിലാകുന്നത് ഒന്നാംഘട്ടത്തിൽ ഉൾപ്പെടുത്തിയ 14 ഊരുകളിൽ ഒഴികെയുള്ള ചില സ്ഥലങ്ങളിൽ വനാവകാശനിയമത്തിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട് എന്നാണ്. പക്ഷെ, ഇവയിലൊക്കെ തന്നെ വനാവകാശ കമ്മിറ്റിയുടെ ഇടപെടലും അറിവും കുറവാണ്. ഗ്രാമസഭകളുടെ ശാക്തീകരണമാണ് വനാവകാശത്തിന്റെ മുഖ്യതത്വം എന്നിരിക്കെ ഇതിനെ കേവലം ആദിവാസി ക്ഷേമ പരിപാടിയായി കാണുന്ന അവസ്ഥയാണ് നിലവിലുള്ളത്. ഒരുവശത്ത് മാറ്റിപ്പാർപ്പിക്കലും, മറുവശത്ത് സാമൂഹിക വനാവകാശ പ്രവർത്തനങ്ങളും നടത്തിക്കൊണ്ട് തീർത്തും വൈരുദ്ധ്യമുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുകൊണ്ടിരിക്കുകയാണ് കേരള വനംവകുപ്പ്. മാറ്റിപ്പാർപ്പിക്കൽ ആദിവാസികൾക്കും അല്ലാത്തവർക്കും ഒരുപോലെ ബാധകമാണ്. ഉദാഹരണത്തിന് സുൽത്താൻ ബത്തേരിയിലെ മണിമുണ്ട പ്രദേശത്തെ അനാദിവാസികൾക്ക് കാട്ടിൽ നിന്നും പുറത്തേക്ക് വരാൻ താൽപര്യമുണ്ട്. അതേസമയം അവിടുത്തെ ആദിവാസികൾ

ഇതിന് എതിരാണുതാനും. ഈ അവസരം മുതലെടുത്തുകൊണ്ടുതന്നെ വൈദ്യുത ലൈൻ ഇടാനുള്ള അനുവാദം നിഷേധിച്ചിരിക്കുകയാണ് കെ.എസ്.ഇ.ബി. വൈദ്യുതി ലഭിക്കുന്നതുമായി ബന്ധപ്പെട്ട് മണിമുണ്ടക്കാർ കെ.എസ്.ഇ.ബിയിൽ കൊടുത്ത പരാതിയിന്മേൽ അവർക്ക് ലഭിച്ച മറുപടിയിൽനിന്നും, "സംസ്ഥാന സർക്കാറിന്റെ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി താങ്കളുടെ പ്രദേശത്തിലേക്ക് വൈദ്യുതി എത്തുന്നതിന് വേണ്ടി 1.8 കി.മീ ദൂരത്തിൽ ഭൂഗർഭ കേബിളും, വിതരണ ട്രാൻസ്ഫോമറുകളും, അനുബന്ധ ലോ ടെൻഷൻ ലൈനുകളും സ്ഥാപിക്കുന്നതിനാണ് ഭരണാനുമതി ലഭ്യമായത്. ഭൂഗർഭ കേബിൾ സ്ഥാപിക്കുന്നതിനുള്ള അനുമതി വനംവകുപ്പിൽ നിന്നും ലഭിക്കുന്ന മുറക്ക് പരാതിയിൽ പറയുന്ന പ്രദേശത്തേക്ക് വൈദ്യുതി കണക്ഷനുകൾ നൽകുന്നതാണ്". ഇതേ പരാതിയിന്മേൽ പാലക്കാട് സി.സി.എഫിന്റെ ഭാഗത്തുനിന്നും സമാനമായ മറുപടി ലഭിച്ചിട്ടുണ്ട്. താരതമ്യേന വന്യജീവി പ്രശ്നങ്ങൾ വളരെ കുറവായ മേഖലയാണ് ഇതെന്ന് കാട്ടുനായ്ക്ക മൂപ്പൻതന്നെ പറയുന്നുണ്ട്. ജീവിക്കാൻ അനുയോജ്യമായ സാഹചര്യങ്ങൾ നൽകിയാൽ ഇവിടെത്തന്നെ തുടരാൻ താൽപര്യമുള്ളവരാണ് ഈ ജനങ്ങൾ. നൂൽപ്പുഴ പഞ്ചായത്ത് പ്രസിഡന്റും, ജില്ലാ ഇൻഫർമേഷൻ കമ്മിറ്റി അംഗവുമായ ശോഭൻകുമാറും ഈ സമീപനത്തെ പിന്താങ്ങുന്നുണ്ട്. പലതരത്തിലുള്ള സമ്മർദ്ദതന്ത്രങ്ങളിലൂടെ ബുദ്ധിമുട്ടിച്ച് മനുഷ്യരെ പുറത്തിറക്കാനുള്ള ശ്രമമാണ് ഇവിടെ നടക്കുന്നത്. മനുഷ്യരെ മൊത്തം പുറത്താക്കി, ഇതൊരു ടൂറിസ്റ്റ് കേന്ദ്രമാക്കാനുള്ള തന്ത്രത്തിന്റെ ഭാഗമാണിതെന്ന ആദിവാസികളുടെ തിരിച്ചറിവിന് അവരുടെ അനുഭവങ്ങളുടെ ഭാരമുണ്ട്.

എൻ.ടി.സി.എ ഗൈഡ്ലൈൻസ് (2008) പ്രകാരം മാറ്റിപ്പാർപ്പിക്കൽ സുതാര്യമാക്കുന്നതിന് വേണ്ടി രണ്ട് കമ്മിറ്റികളെക്കുറിച്ച് പറയുന്നുണ്ട്. ഒന്ന് ജില്ലാതലകമ്മിറ്റിയും, രണ്ട് സംസ്ഥാനകമ്മിറ്റിയും. ജില്ലാ കളക്ടർ ചെയർമാനായ ജില്ലാതലകമ്മിറ്റിയിൽ വിവിധ വകുപ്പുകളിൽ നിന്നുള്ള ഉദ്യോഗസ്ഥരും ഭാഗമാണ്. രൂപീകൃതമായപ്പോൾ കേവലം 13 അംഗങ്ങളോടെ തുടങ്ങിയ ജില്ലാതല കമ്മിറ്റി, മാറ്റിപ്പാർപ്പിക്കൽ തുടങ്ങിയതോടെ രാഷ്ട്രീയ നേതാക്കളെ ഉൾപ്പെടുത്തി സുതാര്യതയ്ക്കുവേണ്ടി വിപുലപ്പെടുത്തി. ഈ കമ്മിറ്റിയിൽ കുറുമ വിഭാഗത്തിൽപ്പെട്ട ഒരാളൊഴിച്ചാൽ ആദിവാസി സംഘടനാ പ്രതിനിധികളില്ല. വയനാട്ടിലെ ആദിവാസികളുടെ പ്രശ്നങ്ങൾ ഒരു മുഖ്യധാര വിഷയമാക്കി മാറ്റിയെടുത്തത് ആദിവാസി സമരങ്ങൾ തന്നെയായിരുന്നിട്ടും അതിന് നേതൃത്വപരമായ പങ്കുവഹിച്ചവരെയൊന്നും ഈ കമ്മിറ്റിയിൽ ഉൾപ്പെടുത്തിയിട്ടില്ല. മറ്റൊരു പ്രധാനവിഷയം എൻ.ടി.സി.എയിൽ പറയുന്ന ജില്ലാകമ്മിറ്റിയും വനാവകാശത്തിൽ പറയുന്ന ജില്ലാക്കമ്മിറ്റിയും തികച്ചും വ്യത്യസ്തമാണ് എന്നതാണ്. ഇത് വലിയതോതിൽ ആശയക്കുഴപ്പം ഉണ്ടാക്കാൻ സാധ്യതയുണ്ട്.

2012 മുതൽ 2017 വരെയുള്ള മാറ്റിപ്പാർപ്പിക്കൽ നടപടികൾ പരിശോധിച്ചാൽ വനാവകാശവുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന ചർച്ചകൾ തുലോംതുച്ഛമാണെന്ന് മനസ്സിലാകും. കമ്മിറ്റിയിൽ ഉയർന്നുവന്ന ചർച്ചകൾ ഏതാണ്ട് മുഴുവനുംതന്നെ മാറ്റിപ്പാർപ്പിക്കൽ എങ്ങനെ എളുപ്പമാക്കാം എന്നത് മാത്രമാണ്. 'സ്വയംസന്നദ്ധ' എന്ന പേരിനെ മറികടക്കാൻ വേണ്ടിയുള്ള ആലോചനകളും അരങ്ങിൽ നടന്നുകൊണ്ടിരിക്കുന്നു. മാറ്റിപ്പാർപ്പിക്കലിന് താൽപര്യമില്ലാത്ത കാട്ടുനായ്ക്ക കുടുംബങ്ങളെ ഇപ്പോൾ അവരുള്ളതിന്റെ ഓരങ്ങളിലേക്ക് മാറ്റിപ്പാർപ്പിക്കാനുള്ള പദ്ധതിയും രൂപപ്പെടുത്തണമെന്ന് ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ചേർന്ന യോഗത്തിൽ തീരുമാനമായിട്ടുണ്ട്. കൂടാതെ ആദ്യഘട്ടത്തിൽ കൊട്ടങ്കരനിന്ന് മാറ്റിപ്പാർപ്പിച്ച രണ്ടു കാട്ടുനായ്ക്ക കുടുംബങ്ങൾക്ക് (രാജൻ, കൃഷ്ണൻ) അമ്പലവയലിൽ സ്ഥലം നൽകിയെങ്കിലും അവിടെ കൃഷി ചെയ്യാനോ, വീടുവയ്ക്കാനോ സാധിക്കാതെ അവർ അവിടം വിട്ട് കല്ലൂരുള്ള ബന്ധുവീട്ടിൽ താമസിച്ചു കൂലിപ്പണി ചെയ്തു ജീവിക്കുകയാണ്. ഇങ്ങനെ കൃഷിഭൂമിയും വീടും ഉള്ളവരെ അവിടെനിന്നും പുറത്താക്കി അഭയാർത്ഥികളാക്കാനുള്ള നീക്കം തടയേണ്ടതാണ്.

ഇത്രയും നിയമവിരുദ്ധ പ്രവർത്തനങ്ങൾ നടന്നിട്ടും എന്തുകൊണ്ടാണ് ഇതിനെതിരെ ഒരു സംഘടിത ശബ്ദം ഉയരാത്തത് എന്ന് സ്വാഭാവികമായും തോന്നിയേക്കാം. അതിനുള്ള ഉത്തരം, ഇത്തരം മാറ്റിപ്പാർപ്പിക്കലുകൾ അടിസ്ഥാനപരമായി ആരുടെ താൽപര്യങ്ങളാണ് സംരക്ഷിക്കുന്നത് എന്നതാണ്. അനാദിവാസികളെയോ, കർഷകരെയോ ഏതെങ്കിലും രീതിയിൽ ബാധിക്കുന്ന പദ്ധതിയായിരുന്നെങ്കിൽ വയനാട്ടിൽ കലാപം പൊട്ടിപ്പുറപ്പെട്ടേനെ. 1975ലെ അന്യാധീനപ്പെട്ട ഭൂമിയുടെ വിഷയത്തിലും ഗാഡ്ഗിൽ-കസ്തൂരിരംഗൻ വിഷയവുമായി ബന്ധപ്പെട്ട ചർച്ചകളിലും ഇത് നമ്മൾ കണ്ട

⇨ ഇന്ത്യയിൽ പല ഭാഗത്തും സമാനാനുഭവങ്ങൾ ഉണ്ടാകുന്നുണ്ട് ⇨

| സ്ഥലം | ഫോറസ്റ്റ് റേഞ്ച് | മാറ്റിത്താമസിപ്പിക്കുന്നവർ | നിലവിലെ സ്ഥിതി | ജനസംഖ്യാവിതരണം |
|---|---|---|---|---|
| കുറിച്യാട് | കുറിച്യാട് | 75 | നടക്കുന്നു | 105 75 ആദിവാസികൾ<br>30 ആദിവാസിയേതരർ |
| ഗോളൂർ | കുറിച്യാട് | 34 | പൂർണ്ണമായി | 29 15 ആദിവാസികൾ<br>14 ആദിവാസിയേതരർ |
| അമ്മവയൽ | കുറിച്യാട് | 21 | പൂർണ്ണമായി | 20 9 ആദിവാസികൾ<br>11 ആദിവാസിയേതരർ |
| അരകുഞ്ചി | സു. ബത്തേരി | 25 | പൂർണ്ണമായി | 4 |
| കൊട്ടങ്കര | സു. ബത്തേരി | 98 | പൂർണ്ണമായി | 64 36 ആദിവാസികൾ<br>29 ആദിവാസിയേതരർ |
| വെള്ളക്കോട് | സു. ബത്തേരി | 12 | നടക്കുന്നു | 9 7 ആദിവാസികൾ<br>2 ആദിവാസിയേതരർ |
| പുതൂർ | സു. ബത്തേരി | 53 | നടക്കുന്നു | 1 |
| മണിമുണ്ട | സു. ബത്തേരി | 116 | നടന്നിട്ടില്ല | – |
| പാമ്പുംകൊള്ളി | സു. ബത്തേരി | 63 | നടന്നിട്ടില്ല | – |
| പങ്കളം | മുത്തങ്ങ | 22 | നടന്നിട്ടില്ല | – |
| കോലോട് | മുത്തങ്ങ | 15 | നടന്നിട്ടില്ല | – |
| ചെട്ടിയാലത്തൂർ | മുത്തങ്ങ | 231 | നടന്നിട്ടില്ല | – |
| നരിമുണ്ടം കൊല്ലി | തോൽപ്പെട്ടി | 26 | നടക്കുന്നു | 14 3 ആദിവാസികൾ<br>11 ആദിവാസിയേതരർ |
| ഈശ്വര കൊല്ലി | തോൽപ്പെട്ടി | 9 | നടക്കുന്നു | 5 5 ആദിവാസികൾ |
| **ആകെ** | | **800** | | |

*കേരള വനഗവേഷണ പഠന കേന്ദ്രത്തിന്റെയും (2010) കേരള വനം വകുപ്പിന്റെയും (2017) കണക്കുകൾ ക്രോഡീകരിച്ചത്.*

താണ്. ആദിവാസിക്ക് അനുകൂലമായ എല്ലാത്തിനേയും തല്ലിക്കെടുത്തുന്നതും, വിവേചനങ്ങൾക്കും നിയമലംഘനങ്ങൾക്കും നേരെ കണ്ണടച്ചും അധികകാലം നീങ്ങുക സാധ്യമല്ല.

മൂന്നാംലോക രാജ്യങ്ങളിലെ വന്യജീവി സംരക്ഷണവുമായി ബന്ധപ്പെട്ട് രാമചന്ദ്ര ഗുഹയുടെ നിരീക്ഷണങ്ങൾ ശ്രദ്ധേയമാണ്. 'conservation imperialism' എന്ന വാക്കാണ് അദ്ദേഹം വന്യജീവി സംരക്ഷണ പരിപാടികളെ വിശേഷിപ്പിക്കുന്നതിനായി പറയുന്നത്. മനുഷ്യനെ അകറ്റിനിർത്തിക്കൊണ്ട് നടക്കുന്ന കൺസർവേഷനുമായി ബന്ധപ്പെട്ട ഈ ഒരു വലിയ സ്കൂളിനെ അദ്ദേഹം വിമർശനത്തിന് വിധേയമാക്കുന്നുണ്ട്. 'സ്വയംസന്നദ്ധ പുനരധിവാസ പദ്ധതി'യും ഈ ചിന്താരീതിയുടെ ഒരു തുടർച്ചയായി തന്നെ നമ്മൾ കാണേണ്ടതുണ്ട്.

വന്യജീവിസങ്കേതം ആയിരുന്ന നാഹർഹൊള ഒരു കടുവാസങ്കേതം ആക്കുന്നതുമായി ബന്ധപ്പെട്ട അനുഭവം വയനാടുമായി സമാനസ്വഭാവമുള്ളവയാണ്. 40 കടുവകളെ കണ്ടതോടുകൂടിയാണ് ഇത്തരം ഒരു ആവശ്യം ഉയർന്നുവരുന്നത്. 6000 ആദിവാസികൾ ജീവിച്ചുവന്നിരുന്ന നാഹർഹൊളയിൽ നിന്നും കടുവാസംരക്ഷണത്തിനു വേണ്ടി ആദിവാസികളെ പുറത്താക്കാൻ ശ്രമം നടന്നു. ഇന്ത്യയിൽ പല ഭാഗത്തും സമാനാനുഭവങ്ങൾ ഉണ്ടാകുന്നുണ്ട്. ഇത്തരം സാഹചര്യങ്ങളിലെല്ലാം വനംവകുപ്പും ആദിവാസികളെ കുടിയിറക്കുകയും വനാതിർത്തിയിൽനിന്നും ദൂരത്തേക്ക് മാറ്റാനുമുള്ള ശ്രമങ്ങൾക്ക് സഹായം ചെയ്യുകയാണ് ചെയ്യുന്നത്. ഒരുവശത്ത് ഇത്തരം ഒഴിപ്പിക്കൽ നടക്കുമ്പോഴാണ് കർണ്ണാടക വനംവകുപ്പ് താജ് റിസോർട്ടിന് നാഗർഹൊള കടുവാ സങ്കേതത്തിനുള്ളിൽ അനുമതി കൊടുക്കുന്നത്. ഉത്തർപ്രേശിലെ രാജാജി വന്യജീവി സങ്കേതത്തിലും, ഒറീസയിലെ ഡിമിപ്പലിലും, മധ്യപ്രദേശിലെ കൻഹയിലും, മഹാരാഷ്ട്രയിലെ മേൽഘട്ടിലും ഇതുതന്നെ സംഭവിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെ ഇത്തരം പദ്ധതികളെ ഒറ്റപ്പെട്ടു കാണുവാൻ സാധിക്കുകയില്ല. ഇത് ഉറച്ചുപോയ പാരിസ്ഥിതിക ചിന്താപദ്ധതിയുടെ പോരായ്മയാണ്. ■